


# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ:** dotsr.ksad@kerala.gov.in
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി 11)1122/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 07/08/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (ഇ-മെയിൽ)
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി 11)1122/2024 തീയ്യതി: 07/08/2024

## തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-06-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | ജോയിന്റ് ഡയറക്ടർ | 08-07-2024 | 12-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-07-2024 | 12-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ഹണി കെ. എസ്., ഓഡിറ്റ് ഓഫീസർ
സുധ ഇ. എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ കെ. സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സോന കെ. സത്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
രേഖ ഇ. സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രവി കെ. ആർ. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ബൈജു എം. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദീപ്തി കെ. | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (LSGD) | 01-04-2023 | 18-10-2023 |
| അമ്പിളി ഐ. ബി. | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻചാർജ്) | 19-10-2023 | 19-10-2023 |
| ഉമ ടി. എൻ. | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (LSGD) | 20-10-2023 | 31-03-2024 |
| സുരഭി സി. എസ്. | അസിസ്റ്റൻറ് എഞ്ചിനീയർ (LSGD) | 01-04-2023 | 23-07-2023 |
| സുജയ എസ്. | അസിസ്റ്റൻറ് എഞ്ചിനീയർ (LSGD) | 24-07-2023 | 28-07-2023 |
| അമ്പിളി ഐ. ബി. | അസിസ്റ്റൻറ് എഞ്ചിനീയർ (ഇൻചാർജ്) | 29-07-2023 | 29-11-2023 |
| സുരഭി സി. എസ്. | അസിസ്റ്റൻറ് എഞ്ചിനീയർ (LSGD) | 30-11-2023 | 30-11-2023 |
| അമ്പിളി ഐ. ബി. | അസിസ്റ്റൻറ് എഞ്ചിനീയർ (ഇൻചാർജ്) | 01-12-2023 | 31-03-2024 |
| സന്ധ്യ ടി. എം. | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| നമിത ഇ. കെ. | സി.ഡി.പി.ഒ | 01-04-2023 | 16-08-2023 |
| രേണുക ഇ. പി. | സി.ഡി.പി.ഒ | 17-08-2023 | 31-03-2024 |
| സത്യവർമ്മ പി. സി. | കൃഷി അസി. ഡയറക്ടർ | 01-04-2023 | 31-03-2024 |
| അശ്വിൻ വി. | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| അരുൺ പി. എസ്. | ക്ഷീര വികസന ഓഫീസർ | 01-04-2023 | 27-09-2023 |
| മീനു റസൽ | ക്ഷീര വികസന ഓഫീസർ (അഡീഷണൽ ചാർജ്) | 28-09-2023 | 31-03-2024 |
| ഡോ. ജയന്തി കെ. എസ്. | സൂപ്രണ്ട് (സി.എച്ച്.സി), വെള്ളാനിക്കര | 01-04-2023 | 31-03-2024 |
| ഡോ. സജിത കെ. പി. | സീനിയർ വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഇനങ്ങളെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | Auction Deposit, Bidders' Earnest Money Deposit തുകകൾ വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു | 1-1-4 |
| 6 | ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല | 1-1-5 |
| 7 | ആസ്തി നിർമ്മാണത്തിന് ചെലവഴിച്ച തുകകൾ കാപിറ്റൽ കോൺടിബ്യൂഷനിൽ ചേർത്തിട്ടില്ല. | 1-1-6 |
| 8 | കടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 11 | പദ്ധതി അവലോകനം | 1-4 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-5 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 14 | വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-7 |
| 15 | പഠനമുറി-പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-8 |
| 16 | പി.എം.എ.വൈ പ്രോജക്ടുകളിൽ കേന്ദ്രാവിഷ്കൃത ഫണ്ട്,ഗ്രാമപഞ്ചായത്ത് ഫണ്ട്- വിഹിതമായി വിതരണം ചെയ്ത തുകകൾ സുലേഖ പത്രികകളിലെ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല | 1-9 |
| 17 | രശീതി/ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-10 |
| 18 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-11 |
| 19 | മാലിന്യസംസ്കരണം - പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല | 1-12 |
| 20 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകളിലെ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-13 |
| 21 | എച്ച് എം സി വാർഷികകണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് | 1-14 |
| 22 | കരാർ ചമച്ചിട്ടും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 1-15 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| --- No Records Found --- | | |
| ഭാഗം 4 | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 28.05.2024 തീയതിയിലെ 4(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.06.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 07.08.2024**

**ജോയിന്റ് ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും, നോട്ട്സ് ഓൺ അക്കൗണ്ട്സും ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)) (ഓഡിറ്റ് അന്വേഷണം നം:10/11.7.24)

### 1-1-2 ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഇനങ്ങളെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ഉളളതായി കാണുന്നു.

| അക്കൗണ്ട് ശീർഷകം | തുക |
|---|---|
| 410300101 – Cement Concrete | 22,63,868 |
| 410300102- Roads Tarred | 2,76,64,822 |
| 410300103-Roads Metal | 31,53,272 |
| 410400103-Drinking Water -Pipelines | 96,17,984 |
| 410400101-Drinking Water -Sources | 88,62,194 |
| 410500102-Irrigation Distribution System(Pipe,Canal Etc) | 52,34,455 |
| 410300301 -Culverts | 40,08,114 |
| 410300399 – Other Constructions | 2,06,09,016 |
| 410500101 – Irrigation – Sources (Well Check Dams Lift Irrigation Etc.) | 52,34,455 |
| 410400102 – Drinking Water Reservoirs | 21,46,459 |
| 410600102 – Electricity – Line Extension | 6,15,370 |

ഈ ആസ്തികളിന്മേൽ ഡിപ്രിസിയേഷൻ കണക്കാക്കി വരുന്നുണ്ട്. മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തി അതത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണെന്നും കാണുന്നു. ആയതിനാൽ ഈ ആസ്തികൾ പണി പൂർത്തിയാകുന്നമുറയ്ക്ക് അതത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ ഇവക്ക് തേയ്മാന ചെലവ് കണക്കാക്കി, ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവായി തേയ്മാനം രേഖപ്പെടുത്തേണ്ടതില്ലാത്തതുമാകുന്നു. സ്ഥാപനത്തിന്റെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടും ബാലൻസ്ഷീറ്റും മേൽ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

I) ബാലൻസ്ഷീറ്റിൽ പരാമർശിച്ചിരിക്കുന്ന റോഡുകളുടെ ഉടമസ്ഥാവകാശം പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിൽ വരാത്ത എല്ലാ റോഡുകളുടെയും മൂല്യം 2024-25 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച ശീർഷകങ്ങളിലേക്ക് ക്രെഡിറ്റ് ചെയ്ത് ഒഴിവാക്കേണ്ടതാണ്. ഗ്രാന്റ് ഉപയോഗിച്ച് പൂർത്തീകരിച്ചിരിക്കുന്ന മേൽ റോഡുകളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്കും തനത് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചിരിക്കുന്ന റോഡുകളുടെ മൂല്യം "Prior Period Items...." എന്ന ശീർഷകത്തിലേക്കും ഓപ്പണിംഗ് ബാലൻസ്ഷീറ്റ് തയ്യാറാക്കിയ സമയത്ത് ഉൾക്കൊള്ളിച്ച റോഡുകളുടെ മൂല്യം "Panchayat Fund" എന്ന ശീർഷകത്തിലേക്കും Debit ചെയ്യേണ്ടതാണ്. മേൽ പ്രകാരം അപാകത പരിഹരിക്കേണ്ടതാണ്.

Ii) 31/3/2024 വരെ ഈയിനത്തിൽ റോഡുകളുടെ മൂല്യത്തിന്റെ ഡിപ്രിസിയേഷനായി കണക്കാക്കിയതും "Accumulated Depreciation" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്നതുമായ തുക 2024-25 വർഷത്തിൽ ഈ ശീർഷകത്തിൽ Debit ഉം "Prior Period Items.." എന്ന ശീർഷകത്തിൽ Credit ഉം നൽകി ഒഴിവാക്കി വാർഷികകണക്ക് കൃത്യമാക്കേണ്ടതാണ്.

### 1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15,20,643 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ " Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,35,859 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-4 Auction Deposit, Bidders' Earnest Money Deposit തുകകൾ വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു

13.4.2015 മുതൽ 340200102 – Auction Deposit എന്ന ശീർഷകത്തിൽ 3700/- തുകയും 340100103 – Bidders' Earnest Money Deposit എന്ന ശീർഷകത്തിൽ 100/- തുകയും ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം തിരികെ നൽകേണ്ട തിയതിക്ക് ശേഷം മൂന്ന് വർഷത്തിൽ കൂടുതൽ കാലം അവകാശപ്പെടാത്ത നിക്ഷേപങ്ങൾ പഞ്ചായത്തിലേക്ക് മുതൽകൂട്ടാവുന്നതാണ്. ഇത് പ്രകാരം തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-1-5 ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രത്യേക ആവശ്യങ്ങൾക്കായി ലഭ്യമായതും 2023-24 വർഷം വരെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ബാലൻസ് ആയി തുടരുകയും ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ്ഡ് | ബാലൻസ് | തുക | റിമാർക്സ് |
|---|---|---|---|
| 320900101 | നിർമൽ പുരസ്കാർ | 547 രൂപ (പലിശ ഉൾപ്പെടെ) | 2014 – 15 വർഷത്തിൽ സ്ഥാപനത്തിന് നിർമ്മൽ പുരസ്കാരം ലഭിച്ചിട്ടുള്ളതാണ്. തുക ചെലവഴിച്ചതിൽ അവശേഷിക്കുന്ന 499/- തുകയ്ക്ക് വർഷങ്ങളായി IDBI – TSC ബാങ്ക് അക്കൗണ്ടിൽ നിലനിൽക്കുന്നു. തുക ചെവഴിക്കുകയോ ഓൺ ഫണ്ടിലേക്ക് വരവ് വയ്ക്കുകയോ ചെയ്യാതെ കാലങ്ങളായി ക്ലോസ് ചെയ്യാതെ തുടരുന്നു. |

മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-1-6 ആസ്തി നിർമ്മാണത്തിന് ചെലവഴിച്ച തുകകൾ കാപിറ്റൽ കോൺടിബ്യൂഷനിൽ ചേർത്തിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രത്യേക ആവശ്യങ്ങൾക്കായി ലഭ്യമായതും 2023-24 വർഷം അവസാനം വരെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ബാലൻസ് ആയി തുടരുകയും ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ്ഡ് | ബാലൻസ് | തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 320200321 | നബാഡ് അസ്സിസ്റ്റൻസ് | 96000 രൂപ | 2013 കാലയളവിൽ വാരികുളം – താടിക്കുന്ന – നിന്നക്കുഴി റോഡ് നിർമ്മാണത്തിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ആസ്തി നിർമ്മാണത്തിനായി ചെലവഴിച്ച ഈ തുക നാളിതു വരെയുള്ള വാർഷികകണക്കുകളിൽ ഷെഡ്യൂൾ ബി-4 ൽ ബാലൻസ് ആയി തുടരുകയാണ്. നാളിതു വരെയായി പ്രസ്തുത ആസ്തിനിർമ്മാണം ക്യാപിറ്റൽ കോൺടിബ്യൂഷനിൽ ചേർത്തിട്ടില്ല. |

പദ്ധതി നടത്തിപ്പിനായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നതായാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യകതമാകുന്നത്. ആയത് ബി-4 ൽ ഉൾപ്പെടുത്തിയത് മൂലം നബാഡിലേക്ക് തിരിച്ചടവാക്കാനുള്ളതായാണ് കാണുന്നത്. ഇത്തരത്തിൽ ചെലവാക്കാതെ അവശേഷിക്കുന്നത് ബി-9 ഷെഡ്യൂളിലെ 350300150 Govt. And Other Dues Payable Refund Of Unutilised Grants Of Prior Period-എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

### 1-1-7 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 16.03.2023 തീരുമാനം 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 310423564 | 305973785 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23.01.2024 തീരുമാനം 2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 255611897 | 251162118 |

### 1-3 ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിയ്ക്കാത്ത തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28581000 | 28581000 | 23532522 | 5048478 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12009000 | 12009000 | 7889875 | 4119125 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1487000 | 1487000 | 991030 | 495970 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺ-റോഡ് | 0 | 3312600 | 3312600 | 3298537 | 14063 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് -ബാങ്ക്(അൺടൈഡ്) | 4834665 | 5132571 | 9967236 | 5288772 | 4678464 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് -ബാങ്ക്(ടൈഡ്) | 4786312 | 3549500 | 8335812 | 4256325 | 4079487 |
| ഹെൽത്ത് ഗ്രാന്റ് | 2227182 | 61796 | 2288678 | 1267192 | 1021486 |
| സംപൂർണ്ണ ശുചിത്വം | 922499 | 27044 | 949543 | 2604 | 946939 |
| കേരളോത്സവം | 0 | 100000 | 100000 | 60650 | 39350 |

വികസനഫണ്ട് പൊതുവിഭാഗം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) എന്നിവയുടെ ചെലവുതുകകൾ വാർഷിക കണക്കിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി - അടങ്കൽ തുക | നടപ്പിലാക്കിയത് (എണ്ണം) | നടപ്പിലാക്കിയ പദ്ധതി ചെലവ് - തുക | നടപ്പിലാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 99 | 87697353 | 68 | 48546148 | 55.35% | 68.7 |

## 1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.07.2024 തീയതിയിൽ 3 PM ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസില്ല എന്ന് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഓഡിറ്റ് നിരീക്ഷണങ്ങൾ ആയി ഭാഗം 1 ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-7 വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരുമാനമാണ് കെട്ടിടങ്ങളിൽ നിന്നുമുള്ള വാടക എന്നിരിക്കെ വാടക കൃത്യമായി പിരിച്ചെടുക്കാതെ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി – 15 പ്രകാരം 2023-24 സാമ്പത്തികവർഷത്തിൽ വാടക കുടിശ്ശികയിനത്തിൽ (Rent Receivables (Current) – 431400101) 1,37,209/- തുകയുടെ കുടിശ്ശിക കാണുന്നു.

രജിസ്റ്റർ പരിശോധിച്ചതിൽ 2 കെട്ടിടമുറികൾ താഴെ പറയും പ്രകാരം കുടിശ്ശിക വരുത്തുന്നതായാണ് കാണുന്നത്.

1. മരത്താക്കര എസ്. സി. വിപണന കേന്ദ്രം, പ്രതിമാസവാടക - 11025/-
2. വനിതാ കാന്റീൻ പുത്തൂർ കുടുംബശ്രീ സംരംഭം, പ്രതിമാസവാടക - 6800/-

വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-8 പഠനമുറി-പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | |
| പ്രൊജക്ട് നമ്പർ/പേര് | 48/24 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | |
| അടങ്കൽ | 60,00,000/- (വികസന ഫണ്ട് - എസ്.സി.പി) | |
| ചെലവ് | 11,70,000/- | |
| വൗച്ചർ നം./തീയതി, | 22300856/13.02.2024 | 180000/- |

| | | |
|---|---|---|
| തുക | | |
| | 22300843/13.02.2024 | 330000/- |
| | 22300851/22.02.2024 | 150000/- |
| | 22300861/22.02.2024 | 180000/- |
| | 22300847/01.03.2024 | 90000/- |
| | 22300865/01.3.24 | 240000/- |
| ആകെ | | 1170000/- |

മേൽ പ്രൊജക്ട് പ്രകാരം 2023-24 വർഷത്തിൽ 30 വിദ്യാർത്ഥികൾക്ക് പട്ടികയിൽ കൊടുത്തിരിക്കുന്ന വൗച്ചറുകൾ മുഖേന പഠനമുറി പണിയുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നൽകിയ തുക | തിയ്യതി |
|---|---|---|---|
| 1 | അനന്യ സുരൻ | 30,000/- | 13-02-2024 |
| 2 | വിഷ്ണു നന്ദകുമാർ | 30,000/- | 13-02-2024 |
| 3 | നിവേദ്കൃഷ്ണ | 30,000/- | 02-03-2024 |
| 4 | സൂര്യ ദാസ് | 30,000/- | 02-03-2024 |
| 5 | ആഷിമ | 30,000/- | 13-02-2024 |
| | | 60,000/- | 01-03-2024 |
| 6 | അനുഗ്രഹ.കെ.ജെ. | 30,000/- | 22-02-2024 |
| 7 | അനശ്വരമുരളി | 30,000/- | 13-02-2024 |
| | | 60,000/- | 01-03-2024 |
| 8 | ആദിത്യൻ | 30000/- | 13-02-2024 |
| 9 | അക്ഷയ് ചന്ദ്രൻ | 30000/- | 13-02-2024 |
| 10 | ആദർശ് | 30000/- | 13-02-2024 |
| 11 | കാരുണ്യ | 30000/- | 22-02-2024 |
| 12 | സലേഷ് | 30000/- | 13-02-2024 |
| 13 | അച്ചു പ്രദീപ് | 30000/- | 13-02-2024 |
| 14 | ഉണ്ണിമായ.സി.കെ | 30000/- | 13-02-2024 |
| 15 | ആദർശ്.കെ.കെ | 30000/- | 13-02-2024 |
| 16 | സ്മിത | 30,000/- | 13-02-2024 |
| | | 30,000/- | 01-03-2024 |
| 17 | ശ്രീ.ദുർഗ്ഗ | 30,000/- | 22-02-2024 |
| 18 | അഭിമന്യു | 30,000/- | 02-03-2024 |
| 19 | അബിൻ.വി.എ | 30,000/- | 22-02-2024 |
| 20 | മനിൽ.കെ.എം | 30,000/- | 22-02-2024 |
| 21 | അർച്ചന.എൻ.എസ് | 30,000/- | 22-02-2024 |
| 22 | അഭിനീഷ്.വി.എസ്. | 30,000/- | 22-02-2024 |
| 23 | വിവേക്.പി.വി. | 30,000/- | 13-02-2024 |
| 24 | പാർത്ഥസാരഥി.പി.എസ്. | 30,000/- | 22-02-2024 |
| 25 | ദേവികൃഷ്ണ | 30,000/- | 22-02-2024 |
| 26 | ആഗ്ന.പി.സി. | 30,000/- | 13-02-2024 |
| 27 | അഭിരാം.എം.ആർ. | 30,000/- | 13-02-2024 |

| | | | |
|---|---|---|---|
| | | 60,000/- | 01-03-2024 |
| 28 | നിരഞ്ജന.കെ.ആർ. | 30,000/- | 13-02-2024 |
| 29 | ഷാനി ഷാജു | 30,000/- | 13-02-2024 |
| | | 60,000/- | 01-03-2024 |
| 30 | വൈഷ്ണവ്.ടി.വി. | 30,000/- | 22-02-2024 |
| ആകെ | | 11,70,000/- | |

എന്നാൽ ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ആരും തന്നെ പഠനമുറിയുടെ പണി പൂർത്തീകരിച്ചിട്ടില്ല. മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 7/10.07.2024), 30 വിദ്യാർത്ഥികൾക്കാണ് പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളതെന്നും ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലമാണ് പൂർത്തീകരിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.
വിദ്യാർത്ഥികളുടെ പഠനമുറികൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 പി.എം.എ.വൈ പ്രോജക്ടുകളിൽ കേന്ദ്രാവിഷ്കൃത ഫണ്ട്,ഗ്രാമപഞ്ചായത്ത് ഫണ്ട്- വിഹിതമായി വിതരണം ചെയ്ത തുകകൾ സൂലേഖ പത്രികകളിലെ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.26/24പി.എം.എ.വൈ ജി ജനറൽ എന്ന പ്രോജക്ടിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി ₹1,40,000, കേന്ദ്രാവിഷ്കൃത ഫണ്ടായി ₹2,40,000/- എന്നിങ്ങനെ അടങ്കലായി ഉൾക്കൊള്ളിച്ചിരുന്നതാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിരുന്ന തുക നിക്ഷേപിച്ചിരുന്ന എസ്.ടി.ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും (ശീർഷകം:450650109 Treasury Special TSB - Joint Venture അക്കൗണ്ട് നമ്പർ:799011400000925) ഗ്രാമപഞ്ചായത്ത് വിഹിതമായി വിതരണം ചെയ്ത താഴെ പറയുന്ന തുകകൾ സൂലേഖ പത്രികകളിലെ ചെലവു കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല .വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ | തിയതി | പൊതുവിഭാഗം |
|---|---|---|---|
| 1 | 22200171 | 26.08.22 | 70,000 |
| 2 | 22200172 | 26.08.22 | 70,000 |

പി.എം.എ.വൈ.യുമായി ബന്ധപ്പെട്ട ഫയലുകളും, രജിസ്റ്ററുകളും പരിശോധിച്ചതിൽ 2023-24വർഷത്തിൽ കേന്ദ്രാവിഷ്കൃത വിഹിതമായി, ₹3,36,000 ചെലവഴിച്ചിട്ടുള്ളതാണ്. ഈ തുകയും സൂലേഖ ചെലവു കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്.
ആയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/11.07.2024) മറുപടിയായി സാങ്കേതിക കാരണങ്ങളാലാണ് മേൽ തുകകൾ ഉൾപ്പെടാതിരുന്നതെന്നും , പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 രശീതി/ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ രശീതി/ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം/തിയതി | തുക (₹) |
|---|---|---|---|---|
| 1 | 2/24 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | 22300513 തിയതി 21.11.23 | 53,909 |

| | | | | |
|---|---|---|---|---|
| 2 | 213/24 ഐ.കെ.എം. മെമ്പർഷിപ് ഫീസ് (വികസന ഫണ്ട് ജനറൽ) | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | 22300845 തിയതി 26.03.24 | 15,00,000 |
| 3 | 46/24ലൈൻ എക്സ്റ്റെൻഷൻ നടത്തറ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ(ധനകാര്യ കമ്മീഷൻ അവാർഡ്) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ , നടത്തറ | 22300667 തിയതി 20.03.24 | 5,00,000 |

രശീതി/വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/11.07.2024) മറുപടിയായി പ്രൊജക്ട് പൂർത്തിയാകുന്ന മുറക്ക് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ. ഭവന നിർമ്മാണം ജനറൽ, എസ്.സി എന്നീ പ്രോജക്ടുകൾ പ്രകാരം ഭവന നിർമ്മാണ ധനസഹായം നല്കിയിരിക്കുന്ന താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതു വരെ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ പേരുവിവരം | ഐ.ഡി. നമ്പർ | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനമായി ഗഡു കൈപ്പറ്റിയ തിയതി |
|---|---|---|---|
| യാക്കോബ് മാർക്കോസ് പുളിയാംപിള്ളി വീട്, കോക്കാത്ത്,കൈനൂർ | 1030713 | 68,000 | 30.03.2017 |
| രാജൻ, വെള്ളാക്കിൽ വീട് ചുവന്നമണ്ണ് | 1016312 | 1,12,000 | 08.02.2022 |
| പ്രിൻസി.എം.ആർ പുത്തൻപുരക്കൽ വീട് മണിയൻ കിണർ | 149787869 | 1,60,000 | 25.03.2022 |
| ജലജ വിനോദ്കുമാർ കാര്യാട്ട് വീട് പട്ടിക്കാട് | 149661262 | 3,06,000 | 16.09.2022 |

മേൽ പട്ടികപ്പെടുത്തിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/11.07.2024) മറുപടിയായി ഭവനനിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണെന്ന്

അറിയിച്ചിട്ടുണ്ട്. തുടർ നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12 മാലിന്യസംസ്കരണം - പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല

